**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ഹെഡ് ക്വാർട്ടേഴ്സിൽ ബ്രെയിൽ പ്രസ് വാങ്ങുന്നതിന് കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.336/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 28.01.2016

---

പരാമർശം:- കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.01.2016 ലെ കത്ത്.

## ഉത്തരവ്

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സംഘടനയുടെ ഹെഡ് ക്വാർട്ടേഴ്സിൽ സ്ഥാപിക്കുന്ന ബ്രെയിൽ പ്രസ്സ് വിദേശത്ത് നിന്നും വാങ്ങുന്നതിന് തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) കത്ത് വഴി ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ ഹെഡ് ക്വാർട്ടേഴ്സിൽ പുതിയ ബ്രെയിൽ പ്രസ്സ് വാങ്ങുന്നതിനായി കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ പരമാവധി 5,000/- (അയ്യായിരം രൂപ മാത്രം) രൂപ അവരുടെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന ഗ്രാമപഞ്ചായത്തുകൾക്ക് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

പി. റംലത്ത്,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (ഉത്തരവിന്റെ പകർപ്പ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കേണ്ടതാണ്)

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്, വഞ്ചിയൂർ,തിരുവനന്തപുരം - 695035

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ധനകാര്യവകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*